GOVERNMENT OF KERALA

സംഗ്രഹം

വനം-വന്യജീവി വകുപ്പ് - പാറാമ്പുഴ തടി ഡിപ്പോയിലും അരുവാക്കോട തടി ഡിപ്പോയിലും ഗുണനിലവാരമുള്ള ഈട്ടിത്തടികൾ മറ്റ് തടികളോടൊപ്പം ലേലം ചെയ്യുന്നതിന് യഥാക്രമം ഹൈറേഞ്ച്, കിഴക്കൻ മേഖലകളിലെ പ്രത്യേക ഡിപ്പോകളാക്കി മാറ്റിക്കൊണ്ട് ഉത്തരവാകുന്നു.

---

വനം-വന്യജീവി (ബി) വകുപ്പ്

സ.ഉ (സാ) നം. 503/08/വനം തിരുവനന്തപുരം, തീയതി, 15.10.08

---

പരാമർശം :- 1) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) ന്റെ 25.1.76 ലെ 9/76 നമ്പർ സർക്കുലർ.
2) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) ന്റെ 29.10.07 ലെ പ്രൊ.5-1206/06 നമ്പർ കത്ത്

## ഉത്തരവ്.

ഗുണനിലവാരമുള്ള ഈട്ടിത്തടികൾ ലേലം ചെയ്യുന്നതിന് കൊല്ലം സർക്കിളിലെ പത്തനാപുരം ഡിപ്പോ, തൃശ്ശൂർ സർക്കിളിലെ ചാലക്കുടി, മുടിക്കൽ ഡിപ്പോകൾ, കോഴിക്കോട് കല്ലായി ഡിപ്പോ എന്നിവ പരാമർശം (1) പ്രകാരം തെരഞ്ഞെടുത്തിരുന്നു. ഹൈറേഞ്ച് മേഖലയിലെ ഈട്ടിത്തടികൾ മുടിക്കൽ ഡിപ്പോയിലും കിഴക്കൻ സർക്കിളിലെ ഈട്ടിത്തടികൾ കല്ലായി ഡിപ്പോയിലേക്കുമാണ് കൊണ്ടു പോകുന്നതെന്നും ഇതുമൂലം കയറ്റിറക്ക് ഇനത്തിലും തടി കൊണ്ടു പോകുന്നതിലും സർക്കാരിന് സമയ നഷ്ടവും റവന്യൂ നഷ്ടവും സംഭവിക്കുന്നെന്നും അതൊഴിവാക്കാൻ ഹൈറേഞ്ച് മേഖലയിലെ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ള പാറാമ്പുഴ തടി ഡിപ്പോയും, കിഴക്കൻ മേഖലയിലെ പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ള അരുവാക്കോട് ഡിപ്പോയും, മറ്റു തടികളോടൊപ്പം ഗുണനിലവാരമുള്ള ഈട്ടിത്തടികൾ ലേലം ചെയ്യുന്നതിനുള്ള പ്രത്യേക ഡിപ്പോകളാക്കി മാറ്റുന്നതിന് അനുവാദം നൽകണമെന്ന് പരാമർശം (2) പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) ശുപാർശ ചെയ്തിരുന്നു.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. സെൻട്രൽ മേഖലയിലെ കോട്ടയം തടി വിൽപ്പന വിഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലെ പാറാമ്പുഴ ഡിപ്പോയും, കിഴക്കൻ മേഖലയിലെ പാലക്കാട് തടി വിൽപ്പന വിഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലെ അരുവാക്കോട് ഡിപ്പോയും, മറ്റു തടികൾക്കൊപ്പം ഗുണനിലവാരമുള്ള ഈട്ടിത്തടികൾ ലേലം ചെയ്യുന്നതിനായി പ്രത്യേക ഡിപ്പോകളാക്കി മാറ്റിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
കെ.ബി. സന്തോഷ്കുമാർ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ